**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6596** **11-11-2021 - ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കോവളം മണ്ഡലത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (എ) | കോവളം നിയോജക മണ്ഡലത്തിൽ ഉന്നതവിദ്യാഭ്യാസവകുപ്പിന് കീഴിലുള്ള കാഞ്ഞിരകുളം കെ.എൻ.എം സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ലൈബ്രറി ബ്ലോക്ക് നിർമ്മാണത്തിനായി 4,77,96,989/-രൂപയ്ക്ക്, 06-02-2018-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 248/2018/ഉ.വി.വ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. 2021 ഡിസംബർ അവസാനത്തോടുകൂടി പ്രവർത്തി പൂർത്തികരിച്ച് കെട്ടിടം കോളേജിന് കൈമാറാനാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇതു കൂടാതെ, കഴിഞ്ഞ അഞ്ചുവർഷത്തിനിടയ്ക്ക് ഈ കോളേജിൽ എം.കോം, ബി.എസ്.സി ഫിസിക്സ് (മാത്തമാറ്റിക്സ് ആന്റ് മെഷീൻ ലേണിംഗ്) എന്നീ കോഴ്സുകളും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ